**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2285** **12-12-2022 - ൽ മറുപടിയ്ക്ക്**

**2022 മാർച്ച് മാസം നടന്ന ദേശീയ പണിമുടക്ക് ദിവസം ജീവനക്കാരുടെ ഹാജർ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | 2022 മാർച്ച് മാസം നടന്ന ദേശീയ പണിമുടക്ക് ദിവസം സെക്രട്ടേറിയറ്റിൽ എത്ര ജീവനക്കാർ ഹാജർ ആയിരുന്നുവെന്ന് വിശദമാക്കാമോ; | (എ) | മാർച്ച് 28-ന് 105 ജീവനക്കാരും മാർച്ച് 29-ന് 227 ജീവനക്കാരും ഹാജരായി. |
| (ബി) | സെക്രട്ടേറിയറ്റിൽ ജോലിക്ക് ഹാജർ ആകാൻ സാധിക്കാത്ത എത്ര ജീവനക്കാർ പണിമുടക്ക് ദിവസം അവധി അപേക്ഷ നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | സെക്രട്ടേറിയറ്റ് ജീവനക്കാർ സ്പാർക്കിലെ വ്യക്തിഗത ലോഗിൻ മുഖേനയാണ് അവധി അപേക്ഷ സമർപ്പിക്കുന്നത്. ആയതിനാൽ പ്രസ്തുത വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | പണിമുടക്ക് ദിവസം ജോലിക്ക് ഹാജർ ആയതിന്റെ പേരിൽ ജീവനക്കാരനെ മർദ്ദിച്ചത് സംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) | ഇല്ല |
| (ഡി) | പണിമുടക്ക് ദിവസം വികാസ്ഭവനിലുള്ള ഓഫീസുകളിൽ എത്ര ജീവനക്കാർ ഹാജർ ആയിരുന്നുവെന്നും എത്ര പേർ ലീവിന് അപേക്ഷിച്ചിരുന്നുവെന്നും വിശദമാക്കാമോ; | (ഡി) | വികാസ് ഭവനിലും പബ്ലിക് ഓഫീസിലും പ്രവർത്തിച്ചു വരുന്ന വിവിധ ഓഫീസുകളിലെ ജീവനക്കാരുടെ ഹാജർ ക്രോഡീകരിച്ച് ലഭ്യമായിട്ടില്ല. |
| (ഇ) | പണിമുടക്ക് ദിവസങ്ങളിൽ പബ്ലിക് ഓഫീസിൽ പ്രവർത്തിച്ചുവരുന്ന ആഫീസുകളിൽ എത്ര പേർ ജോലിക്ക് ഹാജർ ആയിരുന്നുവെന്നും എത്ര പേർ അവധി അപേക്ഷ നൽകിയിരുന്നുവെന്നും വിശദമാക്കാമോ? | (ഇ) | വികാസ് ഭവനിലും പബ്ലിക് ഓഫീസിലും പ്രവർത്തിച്ചു വരുന്ന വിവിധ ഓഫീസുകളിലെ ജീവനക്കാരുടെ ഹാജർ ക്രോഡീകരിച്ച് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ